**വ്യക്തിപരമായ വിശദീകരണം**

പത്രവാർത്തയെ ആസ്പദമാക്കി അരൂർ എം.എൽ.എ. നടത്തിയ പരാമർശം സംബന്ധിച്ച്

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഇന്നലെ നമ്മുടെ ബഹുമാനപ്പെട്ട അരൂർ എം.എൽ.എ. അവരുടെ പ്രസംഗത്തിനിടയിൽ എന്റെ പേര് പരാമർശിച്ചുകൊണ്ട് ഒരു പത്രത്തിൽ വന്ന വാർത്തയെ ആസ്പദമാക്കി സ്ത്രീത്വത്തെ അപമാനിച്ചുവെന്ന മട്ടിൽ സംസാരിക്കുകയുണ്ടായി. ഞാനത് ഇവിടെ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ബഹുമാനപ്പെട്ട പി. ടി. തോമസ് പറഞ്ഞതുപോലെ നവാഗതയായ നമ്മുടെ സഹോദരി തന്റെ പ്രസംഗത്തിന് കൊഴുപ്പുകൂട്ടാൻ നടത്തിയ ഒരു പരാമർശമായിട്ട് മാത്രമേ ഞാൻ അതിനെ കണ്ടുള്ളൂ. നഗരത്തിൽ പുറമ്പോക്കിൽ താമസിക്കുന്ന ശ്രീദേവി എന്ന വനിതയുടെ കുഞ്ഞ് മണ്ണ് തിന്നുവെന്ന വാർത്ത നമുക്കെല്ലാം അറിയാവുന്ന കാര്യമാണ്. അത്തരമൊരു വിവാദ വിധേയ വിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരസഭയുടെ അങ്കണത്തിൽ നടന്ന ഒരു ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു ഞാൻ. ആ യോഗ സ്ഥലത്ത് എല്ലാ മാധ്യമങ്ങളും

ഉണ്ടായിരുന്നു. കാരണം അത് നമ്മുടെ സംസ്ഥാനത്ത് മാത്രമല്ല രാജ്യത്ത് തന്നെ വലിയ ചർച്ചാവിഷയമായിട്ടുള്ള കാര്യമായിരുന്നു. ഞാൻ അവിടെ ചെല്ലുമ്പോൾ ശ്രീദേവിയും അവരുടെ 8 വയസ്സ് മുതൽ 6 മാസം വരെ പ്രായമുള്ള ഈ ആറു കുഞ്ഞുങ്ങളുമുണ്ടായിരുന്നു. ശ്രീദേവിയും കുഞ്ഞുങ്ങളും പട്ടിണി കിടന്ന് മരിക്കാതിരിക്കാൻ കാരണക്കാരായ അവിടെയുള്ള ചില പൊതുപ്രവർത്തകരും ആ സമ്മേളന സ്ഥലത്തുണ്ടായിരുന്നു. മണ്ണുതിന്നുവെന്ന വാർത്ത അറിഞ്ഞമാത്രയിൽത്തന്നെ നഗരസഭയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ മേയർ സ്ഥലത്തുപോയി വാർത്തയുടെ ഉള്ളടക്കത്തെ സംബന്ധിച്ച് മനസ്സിലാക്കാനുള്ള പരിശ്രമം നടത്തുകയും അദ്ദേഹത്തിന് കാര്യങ്ങൾ മനസ്സിലാകുകയും ചെയ്തു. ഇവർ താമസിക്കുന്ന വീട് നല്ലതായിരുന്നില്ല, പരിതാപകരമായ അന്തരീക്ഷത്തിലാണ് കഴിയുന്നതെന്ന് മനസ്സിലാക്കി അവർക്ക് വീട് നിർമ്മിച്ചുനൽകാനുള്ള തീരുമാനവും ജോലി നൽകുന്നത് സംബന്ധിച്ചും അദ്ദേഹം അവിടെവച്ചുതന്നെ പറഞ്ഞു. ഇവരുടെ ഭർത്താവ് അന്വേഷിക്കുന്ന ഒരാളായിരുന്നില്ല, നിർഭാഗ്യവശാൽ ശ്രീദേവിയുടെ ഭർത്താവ് ഒരു മുഴുക്കുടിയനായിരുന്നു. അയാൾ കുട്ടികളെ നോക്കുകയോ ആഹാരം കൊടുക്കുകയോ ചെയ്തിരുന്നില്ല. ആ കുട്ടികളെല്ലാം ജീവനോടെയെങ്കിലും

കഴിയാൻ കാരണം അവിടെയുള്ള പൊതുപ്രവർത്തകരായിരുന്നു. അവർ സംരക്ഷിക്കുന്നതിന്റെ ഭാഗമായിരുന്നു. അവർക്ക് വീടിന് പരിസരത്തായി ഒരു ഓഫീസുണ്ട്. ഒരു കുട്ടിയായപ്പോൾ സംരക്ഷിച്ചു, രണ്ട് കുട്ടികളായപ്പോൾ സംരക്ഷിച്ചു, മൂന്നും നാലും അഞ്ചും കുട്ടികളായി, ആറ് കുട്ടികളായപ്പോൾ ഈ സംരക്ഷിക്കുന്ന പൊതുപ്രവർത്തകർക്ക് ഒരു ആശയം തോന്നി. ഇതിൽ കുറച്ച് കുട്ടികളെ ശിശുക്ഷേമ സമിതിയിൽ ഏൽപ്പിക്കാൻ കഴിഞ്ഞാൽ അവരുടെ ഭാരം കുറച്ച് കുറയുമല്ലോ എന്നുകരുതി അവർ ശിശുക്ഷേമസമിതിയുടെ അന്നത്തെ സെക്രട്ടറിയായിട്ടുള്ള ശ്രീ. ദീപക്കിനോട് ഇക്കാര്യത്തെക്കുറിച്ച് പറഞ്ഞു. ഉടൻതന്നെ ശ്രീ. ദീപക് സാമൂഹ്യക്ഷേമ വകുപ്പിലെ രണ്ട് ഉദ്യോഗസ്ഥരോട് ഇതുസംബന്ധിച്ച വസ്തുതകൾ അന്വേഷിക്കാൻ പറഞ്ഞു. അവർ പോയപ്പോൾ പരിസരത്ത് പൊതുപ്രവർത്തകരായ ആളുകളുമുണ്ടായിരുന്നു. അവരാണ് വീട് കൊണ്ടുപോയി കാണിച്ചത്. ശിശു ക്ഷേമ സമിതി ഈ ആറുകുട്ടികളിൽ നാലുപേരെ ഏറ്റെടുക്കണമെന്നുണ്ടെങ്കിൽ ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും തീവ്രത സമിതിക്ക് നന്നായി ബോദ്ധ്യപ്പെടണമെന്ന നിലയിൽ കൂട്ടത്തിലുണ്ടായിരുന്ന ആളുകൾ തന്നെ ...

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഇതിൽത്തന്നെ

വ്യത്യസ്ത അഭിപ്രായമുണ്ട്. അതൊക്കെ ഞങ്ങൾക്കും പറയാമോ, അങ്ങയുടെ പേഴ്സണൽ എക്സ്പ്ലനേഷനാണ് പറയേണ്ടത്. അതുമാത്രം പറഞ്ഞാൽ മതി.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അതുതന്നെയാണ് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അങ്ങയുടെ കക്ഷിയിൽപ്പെട്ട അരൂർ എം.എൽ.എ. ഇന്നലെ ....

ശ്രീ. രമേശ് ചെന്നിത്തല: അങ്ങ് പറഞ്ഞോ എന്നുമാത്രം പറഞ്ഞാൽ മതിയല്ലോ.....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങനെ ഒറ്റയടിക്ക് പറഞ്ഞാൽ മതിയോ, അതുമാത്രം മതിയോ, ഞാനങ്ങനെ പറഞ്ഞില്ല എന്നുമാത്രം പറഞ്ഞാൽ മതിയോ. ഞാൻ അവിടെ നടന്ന സംഭവത്തിന്റെ വസ്തുതയാണ് പറയുന്നത്. ആ സംഭവത്തെ ആസ്പദമാക്കിയാണ് പറഞ്ഞത്. ഞാൻ പറയുന്നതിൽ നിങ്ങൾക്ക് വിഷമമുണ്ടെങ്കിൽ പറയുന്നില്ല. നിങ്ങൾ പറയുന്നതുപോലെ പറയണമെങ്കിൽ നിങ്ങൾ എനിക്കത് പറഞ്ഞുതന്നാൽ മതി.

ശ്രീ. രമേശ് ചെന്നിത്തല: അങ്ങയെപ്പറ്റി പറഞ്ഞത് ശരിയാണോ, അല്ലയോ എന്നുമാത്രം പറഞ്ഞാൽ മതി.

മി. സ്പീക്കർ: അങ്ങ് പറയൂ...

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ശരിയല്ലെന്നുതന്നെയാണ് ഞാൻ പറയുന്നത്. ഞാൻ ഇന്നലെ പറയാതിരുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുന്ന സന്ദർഭമായതുകൊണ്ടാണ്. മാത്രമല്ല, അങ്ങനെ പറഞ്ഞത് നവാഗതയായിട്ടുള്ള ഒരു വനിതയാണ്, അവരുടെ പ്രസംഗത്തെ ഒന്ന് കൊഴപ്പിക്കാൻ നോക്കിയതാണ്. ആ ചടങ്ങിൽ ധാരാളം പത്രപ്രവർത്തകരുണ്ടായിരുന്നു, ധാരാളം മാധ്യമങ്ങളുമുണ്ടായിരുന്നു. ഒരു സ്ത്രീത്വത്തെയും അപമാനിക്കുന്ന തരത്തിൽ ഞാൻ പറഞ്ഞിട്ടില്ല. ഞാനിവിടെ പറഞ്ഞത് വസ്തുതകളാണ്. പട്ടിണിയും ദാരിദ്ര്യവും വിഷമവുമൊക്കെ അനുഭവിക്കുന്ന ഒരു കുടുംബം, കള്ളുകുടിയനായ ഭർത്താവ്. ഈ സാഹചര്യത്തിൽ അവരെ സംരക്ഷിച്ചുവന്നിരുന്ന പൊതുപ്രവർത്തകർ ഒരു കത്തെഴുതി കൊടുത്തപ്പോൾ പട്ടിണിയുടെ തീവ്രത ശിശുക്ഷേമ സമിതിക്ക് മനസ്സിലായിക്കോട്ടേയെന്ന് വിചാരിച്ചതാണ്, പട്ടിണികൊണ്ട് മണ്ണുതിന്നുന്ന അവസ്ഥവരെയെത്തി എന്നുപറഞ്ഞുവെന്നുള്ള കാര്യമൊക്കെയാണ് ഞാനവിടെ സംസാരിച്ചത്. അതെല്ലാം അവർ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അവർക്കാർക്കും ഞാൻ സ്ത്രീത്വത്തെ അപമാനിച്ചുവെന്ന് തോന്നിയില്ല. അവിടെ ഞാൻ വസ്തുതകൾ പറയുകയായിരുന്നു. കള്ളുകുടിയനായ ഭർത്താവ് ഒരു

കുടുംബത്തെ ദ്രോഹിക്കുന്ന കാര്യം ഞാനവിടെ പറയുകയായിരുന്നു, അതൊന്നും സ്ത്രീത്വത്തെ അപമാനിക്കുന്നതല്ല പെങ്ങളേ. ഇതെല്ലാം കേട്ടുകൊണ്ടിരുന്ന ശ്രീദേവിക്ക് അങ്ങനെയൊരു അഭിപ്രായമുണ്ടാകില്ല, ആർക്കും അങ്ങനെയൊരു അഭിപ്രായമുണ്ടാകില്ല. ഏതെങ്കിലും ഒരു പത്രത്തിൽ രണ്ടുവരി വന്ന കാര്യമെടുത്ത്, അത് ഇന്നലെ പറഞ്ഞുവെന്ന് മാത്രമല്ല, അപ്പോൾ ഞാൻ മിണ്ടിയില്ല, എന്നാൽ ഇന്നും അത് ആവർത്തിച്ച് പറഞ്ഞത് ശരിയല്ല. ഞാൻ അങ്ങനെ സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിലുള്ള ഒരു പ്രസ്താവനയും എവിടെയും നടത്തിയിട്ടില്ല.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ,...

മി. സ്പീക്കർ: ഇല്ല, വ്യക്തിപരമായ വിശദീകരണത്തിനുമുകളിൽ വീണ്ടും വേറെ വിശദീകരണമില്ല. ഇരിക്കൂ... ഇരിക്കൂ....